## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5071 — 06.02.2014-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.2013 ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര അപേക്ഷകളിന്മേൽ കമ്മീഷൻ അനുകൂല തീരുമാനം എടുത്തിട്ടുണ്ട് ; | (ബി) കേരള സംസ്ഥാന മത്സ്യത്തൊഴി ലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെ ആകെ 66,070 കടങ്ങളിൽ കടാശ്വാസം അനുവദിക്കു ന്നതിനായി അനുകൂല തീരുമാനം എടുത്തിട്ടുണ്ട്. ഒരേ അപേക്ഷയിൽ പരാമർശിച്ച ഒന്നിലധികം കടങ്ങളും ഇതിൽപ്പെടുന്നു. |
| (സി) കടാശ്വാസത്തിനർഹരായ അപേക്ഷകർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന വിവരം ധനകാര്യ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ടോ; | (സി) അറിയിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരത്തിൽ എത്ര അപേക്ഷകരുടെ വിവരം അറിയിച്ചിട്ടുണ്ട്; എത്ര അപേക്ഷകരുടെ വിവരം അറിയിക്കാതെയുണ്ട്; | (ഡി) എൻ.സി.ഡി.സി. വായ്പ എടുത്ത 46,355 മത്സ്യത്തൊഴിലാളികൾ, ഹഡ്കോ വായ്പയെടുത്ത 9891 മത്സ്യത്തൊഴിലാളികൾ, എൻ.എം. ഡി.എഫ്.സി./എൻ.ബി.സി.എഫ്. ഡി.സി. വായ്പയെടുത്ത 9342 മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് എന്നിവ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കോ ഓപ്പറേറ്റീവ് ബാങ്കുകൾ/ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ എടുത്ത 39651 പേരുടേയും |

മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത 614 പേരുടെയും ലിസ്റ്റ് സഹകരണ വകുപ്പ് രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. ദേശസാൽകൃതബാങ്കുകളിൽ നിന്നും വായ്പയെടുത്ത 3973 പേരുടെ ലിസ്റ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അയച്ചു കൊടുത്തിട്ടില്ല.

| | |
|---|---|
| (ഇ) മുൻസർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ഇ) മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം 9891 മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പ കടിശ്ശികയും 48335 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി 31.12.2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി. വായ്പ കടിശ്ശികയും ചേർന്ന് 126,86,09,024 രൂപയുടെ ബാദ്ധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണ വിമുക്തമാക്കിയിട്ടുണ്ട്. |
| (എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ ഓരോ വർഷവും ഇതിനായി എത്ര തുക ചെലവഴിച്ചു ? | (എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12 സാമ്പത്തിക വർഷം സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലോൺ എടുത്ത് കടിശ്ശികയായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 49,70,20,294 രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്കും എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി., വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 35,95,000/- രൂപ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്.<br>2013-14 സാമ്പത്തിക വർഷം സഹകരണ മേഖലയുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിനായി 8,85,61,330/- രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ